ഹാബിറ്റാറ്റ് സെന്ററിന് ഹഡ്കോയുടെ സഹായം

48 (2806) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഹാബിറ്റാറ്റ് സെന്ററിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണെന്ന് പറയാമോ ;

(സി) ഈ ഹാബിറ്റാറ്റ് സെന്ററിന് ഹഡ്കോയിൽ നിന്ന് എന്ത് സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത ഹാബിറ്റാറ്റ് സെന്ററിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത പ്ലാൻ തയ്യാറാക്കിയത് ആരാണ് ;

(എഫ്) ഇതിനായി ആകെ എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പേരൂർക്കട വില്ലേജിൽ കവടിയാർ കൊട്ടാരത്തിന് സമീപമുള്ള സർക്കാർ വക 3.50 ഏക്കർ ഭൂമിയിലാണ് ഹാബിറ്റാറ്റ് സെന്റർ പണിയാനുദ്ദേശിക്കുന്നത്.

(സി) പദ്ധതിക്കാവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും ഹഡ്കോയിൽ നിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇല്ല.

(ഇ) 'ഡി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) പ്ലാനുകളും എസ്റ്റിമേറ്റും തയ്യാറാക്കിയതിനുശേഷം മാത്രമേ ഇതിന്റെ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതികൾ

49 (2807) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതി പ്രകാരം ഹൗസിംഗ് ലോൺ അനുവദിച്ച എത്ര പേർക്ക് ഗഡു മുടക്കം വരുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly